*ഭരണഭാഷ മാതൃഭാഷ*

**നം. പി. എൽ (2)/39314/14/ഡി. പി. ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 15.07.2014

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം: പൊതു വിദ്യാഭ്യാസം-സംസ്കൃത വിദ്യാഭ്യാസ വികസനം-സംസ്ഥാനതല സംസ്കൃത ദിനാചരണത്തിന്റെ ഭാഗമായി സംസ്കൃതാദ്ധ്യാപകർക്ക് രചനാ മൽസരങ്ങൾ നടത്തുന്നത്-സംബ്ധിച്ച്

സൂചന:

സംസ്ഥാന സംസ്കൃത ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ സംസ്കൃതാദ്ധ്യാപകർക്ക് രചനാ മൽസരങ്ങൾ നടത്തുന്നതാണ്. ആയതിലേക്ക് തെരഞ്ഞെടുത്ത വിഷയങ്ങൾ ചുവടെ ചേർക്കുന്നു. രചനകൾ **2014 ജൂലൈയ് 30 നു മുമ്പ്** ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്.

1. കഥ - സ്നേഹ : സ ഏ വ ശാശ്വത :
2. കവിത - പ്രകൃതി : സർവ്വം സഹതേ
3. ഉപന്യാസ: - വിജ്ഞാന വിപ്ലവേ/സ്മിൻ കാലേ സംസ്കൃതസ്യാനി വാര്യതാ
4. സമസ്യാ - ചിന്തനീയോ ഹി സർവ്വദാ

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ്:
1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. കരുതൽ ഫയൽ

Sls/15/7/14

## സംസ്കൃത ദിനത്തോടനുബന്ധിച്ച് അദ്ധ്യാപകരുടെ രചനാ മത്സരങ്ങൾക്കുള്ള നിബന്ധനകൾ

(1) പൊതുവിദ്യാഭ്യാസ വകുപ്പിന്നധീനതയിൽ ജോലി ചെയ്യുന്ന 10-ാം ക്ലാസ്സുവരെ സംസ്കൃതം പഠിപ്പിക്കുന്ന സംസ്കൃതാദ്ധ്യാപകർ മാത്രമേ പങ്കെടുക്കാവു.

(2) ഒരാൾ ഓരോ ഇനത്തിലും ഒരു രചന മാത്രമേ അയക്കുവാൻ പാടുള്ളൂ.

(3) ജോലി ചെയ്യുന്ന വിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകന്റെ സാക്ഷ്യ പത്രത്തോടൊപ്പം ആണ് രചനകൾ അയയ്ക്കേണ്ടത്.

(4) ഓരോ ഇനത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാരെ തെരഞ്ഞെടുത്ത് മൊമെന്റോയും സർട്ടിഫിക്കറ്റും സംസ്ഥാനതലം സംസ്കൃത ദിനാചരണത്തിൽ ആലപ്പുഴയിൽവെച്ച് കൊടുക്കുന്നതാണ്.

(5) രചനകൾ സംസ്കൃത ഭാഷയിൽ ദേവനാഗരി ലിപിയിൽ എഴുതി അയയ്ക്കേണ്ടതാണ്.

(6) കവിത 48 വരികളിൽ കവിയരുത്. ഉപന്യാസം- എ4 ഷീറ്റ് 3 പേജ്/300 വാക്കുകളിൽ കവിയരുത്. കഥ 3 പേജ് കവിയരുത്.

(7) അദ്ധ്യാപകരുടെ പേരും മേൽ വിലാസവും ഫോൺ നമ്പർ സഹിതം പ്രത്യേകം പേപ്പറിൽ എഴുതി വയ്ക്കേണ്ടതാണ്. രചനകളിൽ പേരോ, വിലാസമോ എഴുതാൻ പാടുള്ളതല്ല.

(8) കവറിനു മുകളിൽ 'സംസ്കൃത രചനാ മത്സരം' എന്നെഴുതേണ്ടതാണ്. സ്പെഷ്യൽ ഓഫീസറുടെ മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**വിലാസം:** **ഡോ. സുനീതിദേവി.ടി.ഡി.,**
**സ്പെഷ്യൽ ഓഫീസർ (സംസ്കൃതം)**
**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,**
**തൈക്കാട്.പി.ഒ,**
**തിരുവനന്തപുരം-14**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ്

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്
2. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക്
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക്
4. സ്റ്റോക്ക് ഫയൽ

# <u>പ്രതിജ്ഞ</u>

## <u>(സംസ്കൃത ദിനത്തിൽ വിദ്യാലയങ്ങളിൽ ചെയ്യേണ്ടത്)</u>

സംസ്കൃതം മമ ജീവവാണീ. തസ്യാ: സമൃദ്ധായാം നാനാവിധായാം പൂർവ്വിക സമ്പത്തൗ അഭിമാനീ ഭവാമി. സംസ്കൃതപഠനം മമ വിനയ-ആത്മഗൗരവ-സദാചാര സാമൂഹ്യ ബോധാദിനാം സദ്ഗുണാനാം വികാസായ പ്രഭാവയതി. വസുധൈവ കുടുംബകം, സത്യമേവ ജയതേ, സർവ്വേ ഭവന്തു സുഖിന:, ഇത്യാദിഭി: ആപ്തവചനൈ: രാഷ്ട്രസ്യ അഖണ്ഡതാ ഐക്യം ച സംസ്കൃത ഭാഷായാം സുരക്ഷിതമിതി വിവേചയാമി. അഹം ജാതി-വർഗ്ഗ-സ്ത്രീ-പുരുഷ ഭേദ ബുദ്ധിംവിനാ സംസ്കൃത ഭാഷാപഠനേ തഥാ പ്രചാരണേ, ച സദാ സർവ്വഥാ പ്രയത്നം കരോമി സ്നേഹമയീ മാതാ, സ്വപുത്രാൻ ഇവ അന്യഭാഷാ: അപി ആദരിഷ്യേ.

ജയതു ജയതു സംസ്കൃതം.



**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**